**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3529** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നതവിദ്യാഭ്യാസത്തിനും തൊഴിലിനുമായി വിദേശത്ത് പോകുന്നവരുടെ ദേശീയ ശരാശരിയുടെ എത്ര ശതമാനമാണ് സംസ്ഥാനത്തെ കണക്കുകൾ എന്നത് ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ; | (എ) | 2020-ൽ നോർക്ക-റൂട്ട്സ് ആരംഭിച്ച തിരിച്ചറിയൽ കാർഡായ സ്റ്റുഡന്റ്സ് ഐ.ഡി.കാർഡ് പദ്ധതി വഴി നാളിതുവരെ 54 രാജ്യങ്ങളിലായി 2020 സ്റ്റുഡന്റ്സ് കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. മറ്റ് വിശദാംശങ്ങൾ ലഭ്യമല്ല. |
| (ബി) | വിദേശങ്ങളിലേക്ക് ഉന്നത പഠനത്തിനായി പോകുന്നവരുടെ ഒഴുക്ക് തടയുന്നതിനായി പഠനത്തോടൊപ്പം പാർട്ട് ടൈം തൊഴിലും കൂടി ലഭ്യമാകുന്ന വിധമുള്ള സിലബസ് പരിഷ്കരണം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി ഇന്റേൺഷിപ്പ്, അപ്രന്റിസ്ഷിപ്പ് ഇവ പഠനപ്രക്രിയയുടെ ഭാഗമാകുന്നത് പരിഗണിയ്ക്കുന്നുണ്ട്.<br><br>കൂടാതെ, 2021-22 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കിടയിൽ തൊഴിലിന്റെ മഹത്വവും മൂല്യവും വർദ്ധിപ്പിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെയും തൊഴിൽ വകുപ്പിന്റെയും സഹകരണത്തോടെ പഠനത്തോടൊപ്പം ജോലി എന്നത് സാധ്യമാക്കുന്നതിനായി 'കർമ്മചാരി' എന്ന പേരിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. ആദ്യഘട്ടം എറണാകുളം ജില്ലയിൽ കൊച്ചിൻ കോർപ്പറേഷന്റെ പരിധിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതിന് മുന്നോടിയായി മാനേജ്മെന്റുകളുമായി ഒരു പ്രാഥമികചർച്ച നടത്തുകയും തുടർന്ന് തൊഴിൽമേഖലയിലെ തൊഴിലുടമകളുടെയും തൊഴിലുടമാ പ്രതിനിധികളുമായും ഒരു ഗൂഗിൾമീറ്റ് ചേരുകയും ചെയ്തു. ടി പദ്ധതിയുമായി ബന്ധപ്പെട്ട് 08/02/2023 തീയതിയിൽ ബഹു.തൊഴിലും പൊതുവിദ്യാഭ്യാസവും വകുപ്പ് മന്ത്രിയുടെയും ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രിയുടെയും അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് തീരുമാനം എടുക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനസർക്കാർ രാജ്യത്താദ്യമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പദ്ധതി വഴി വിദ്യാർത്ഥികൾക്ക് ജോലി നൽകുന്നതുമായി ബന്ധപ്പെട്ടവരെ തെരഞ്ഞെടുക്കുന്നതിനായി ഒരു ഓൺലൈൻ ജോബ്പോർട്ടൽ ക്രമീകരിക്കുന്ന കാര്യം പരിഗണനയിലാണ്. |
| (സി) | ഉന്നതവിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കുന്ന കർമ്മചാരി പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; പ്രസ്തുത പദ്ധതി എവിടെയെല്ലാമാണ് ആരംഭിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | 'ബി'-യിൽ മറുപടി നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ